DESPATCHED On...04/01/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം.

ഹർജി നമ്പർ സി.പി. 1031(3)/2019/എസ്.ഐ.സി.

ഉത്തരവ് തീയതി : 28.11.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. അനസ്.റ്റി.ഐ.,<br>തച്ചങ്കേരി വീടികയിൽ, മാർക്കറ്റ് റോഡ്,<br>ചങ്ങനാശ്ശേരി – 686 101 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,<br>ഡിവിഷണൽ ഓഫീസ്, ഗ്രീൻസ്–100, റിഷ് വില്ല,<br>ചെറുകരകുന്ന്, ചങ്ങനാശ്ശേരി, കോട്ടയം – 686 101. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 10.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 03.09.2019 |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 30.10.2019 |
| ഹർജിക്കാരന്റെ പരാതി കൈപ്പറ്റിയ തീയതി | 02.11.2019 |

## ഉത്തരവ്

28.10.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദ മായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ പ്രവർത്തിക്കുന്ന പഴയപള്ളി ജമാഅത്ത് എന്ന മുസ്ലീം പള്ളിയുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് കേരള സംസ്ഥാന വഖഫ് ബോർഡിന്റെ കോട്ടയം ഡിവിഷണൽ ഓഫീ

സിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിച്ചില്ലെന്ന് അരോപിച്ചുകൊണ്ട് അപേക്ഷകനായ ശ്രീ.അനസ് ടി.ഐ കമ്മീഷനിൽ സമർപ്പിച്ചതാണ് ഈ പരാതി ഹർജി.

3. സംസ്ഥാന വഖഫ് ബോർഡിൽ 3096/RA നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള പഴയപള്ളി മുസ്ലീം ജമാഅത്ത് വഖഫ് ബോർഡിന്റെ നിയന്ത്രണത്തിൻ കീഴിലുള്ളതാണെന്നും, വഖഫ് നിയമപ്രകാരം ഏത് വഖഫിന്റെയും ഭരണം ഏറ്റെടുക്കുവാനും റീസിവറെ നിയമിക്കുവാനും വഖഫ് ബോർഡിന് അധികാരമുണ്ടെന്നും, വഖഫിന്റെ സ്ഥാവരജംഗമ വസ്തുക്കളും പണവും വഖഫ് ബോർഡിന്റെ നിയന്ത്രണത്തിലാണെന്നും, എല്ലാ വഖഫുകളും വഖഫ് ബോർഡിന് അതിന്റെ വരുമാനത്തിന്റെ 7 ശതമാനം വാർഷിക വിഹിതമായി അടയ്ക്കുന്നുണ്ടെന്നും, വഖഫ് വരുമാനത്തിന് ഇൻകം ടാക്സ് നിയമത്തിലെ 12(a) വകുപ്പ് പ്രകാരം ആധായ നികുതി ഇളവ് ലഭിക്കുന്നുണ്ടെന്നും, വഖഫ് കമ്മിറ്റി അംഗങ്ങൾ വഖഫ് നിയമപ്രകാരം പബ്ലിക് സർവന്റ് ആണെന്നും, പ്രസ്തുത കാരണങ്ങളാൽ പഴയപള്ളി മുസ്ലീം ജമാ അത്ത് വിവരാവകാശ നിയമത്തിലെ 2(h) വകുപ്പ് പ്രകാരം പൊതു അധികാര സ്ഥാനമാണെന്നാണ് ഹർജിക്കാരൻ വാദമുന്നയിച്ചിരുന്നത്.

4. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വഖഫ് ബോർഡിന്റെ ഓഫീസ് ഫയലിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അല്ലെന്നും, ഓഫീസ് ഫയലിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ മാത്രം വിവരാവകാശ നിയമപ്രകാരം അപേക്ഷകർക്ക് നൽകിയാൽ മതിയെന്നാണ് കേരള സംസ്ഥാന വഖഫ് ബോർഡിന്റെ തീരുമാനമെന്നുമാണ് ഈ അപ്പീൽ ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ യുടെ വിശദീകരണം. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നതിനായി ടി ഓഫീസിൽ ലഭ്യമാക്കണമെന്ന് പഴയപള്ളി ജമാഅത്ത് സെക്രട്ടറിയ്ക്ക് രേഖാമൂലം നിർദ്ദേശം നൽകിയിരുന്നെങ്കിലും പള്ളികമ്മിറ്റി സെക്രട്ടറി ടി നിർദ്ദേശം അനുസരിച്ചില്ലെന്നും എസ്.പി.ഐ.ഒ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു.


RIGHT TO INFORMATI

5. വിവരാവകാശ നിയമത്തിൽ വിവരം നിർവചിച്ചിരിക്കുന്നത് 2(f) വകുപ്പിലാണ്. അത് ഇപ്രകാരമാണ് :

> "information" means any material in any form, including records, documents, memos, e-mails, opinions, advices, press releases, circulars, orders, log books, contracts, reports, papers, samples, models, data material held in any electronic form and information relating to any private body which can be accessed by a public authority under any other law for the time being in force;"

അതുപ്രകാരം ഒരു പൊതു സ്ഥാനത്തിന് നിലവിലെ ഏതെങ്കിലും നിയമപ്രകാരം ഒരു സ്വകാര്യ സ്ഥാപനത്തിൽനിന്നും പ്രാപ്യമാക്കാവുന്ന വിവരങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. കേരള സംസ്ഥാന വഖഫ് ബോർഡ് വിവരാ വകാശ നിയമത്തിലെ 2(h) വകുപ്പിൽ നിർവചിച്ചിരിക്കുന്ന പൊതു അധികാര സ്ഥാന ത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമാണ്. വഖഫ് നിയമപ്രകാരം വഖഫ് ബോർഡിന് ഏത് ജമാഅത്തിന്റെ പേരിലും നിയമപരമായ അധികാരമുണ്ട്. ഈ അധി കാരത്തിന്റെ പരിധിയിൽ ഹർജിക്കാരൻ സൂചിപ്പിച്ചിരിക്കുന്ന അധികാരങ്ങളുമുണ്ട്. എന്നാൽ അത്തരം അധികാരം ഉപയോഗിച്ച് ഒരു സ്വകാര്യ സ്ഥാപനത്തിന്റെ അധീനത യിലുള്ള ഏത് വിവരവും ശേഖരിച്ച് വിവരാവകാശ അപേക്ഷകർക്ക് നൽകേണ്ട തുണ്ടോയെന്നാണ് തീരുമാനിക്കേണ്ടത്. ഒരു സ്വകുര്യ സ്ഥാപനത്തിൽ നിന്നും ഏത് വിവരവും ശേഖരിച്ച് നൽകണമെന്നാണ് 2(f) വകുപ്പ് കൊണ്ട് നിയമനിർമ്മാതാക്കൾ ഉദ്ദേശിച്ചിരുന്നതെങ്കിൽ സ്വകാര്യ സ്ഥാപനങ്ങളെകൂടി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുത്തിയാൽ മാതിയാതിരുന്നു. ജില്ലാ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കൂടി യായ ജില്ലാ കളക്ടർക്ക് തന്റെ അധികാര പരിധിയിലുള്ള ജില്ലയിലെ സ്വകാര്യ സ്ഥാപനങ്ങളുടെമേൽ പോലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുള്ള നിയമപര



RIGHT TO INFORMAT

മായ അധികാരമുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങൾ പിടിച്ചെടുക്കുവാൻ പോലും അധികാരമുണ്ട്. എന്നുകരുതി ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരമുപയോഗിച്ച് വിവരാവകാശ അപേക്ഷകൾക്ക് ജില്ലാ കളക്ടർ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വിവരം ശേഖരിച്ച് നൽകേണ്ടതുണ്ടോയെന്ന ചോദ്യത്തിന് "ഇല്ല" എന്ന ഉറച്ച മറുപടിയാണ് ശരിയായിട്ടുള്ളത്.

6. ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും പ്രാപ്യമായ വിവരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പൊതു അധികാര സ്ഥാപനത്തിന്റെ സാധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി അതിന്റെ അധികാര പരിധിയിൽ വരുന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും കരസ്ഥമാകുന്നതും കരസ്ഥമാക്കാവുന്നതുമായ വിവരങ്ങളാണ്. നിയമപരമായി പ്രസ്തുത പൊതു അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ട വിവരങ്ങളും അതിന്റെ അംഗീകാരം ലഭിക്കേണ്ടതും മറ്റുമായ വിവരങ്ങളാണ്. അധികാരം ഉപയോഗിച്ച് ഒരു സ്യകാര്യ സ്ഥാപനത്തിൽ നിന്നും കവർന്നെടുക്കേണ്ടവയല്ല അത്തരം വിവരങ്ങൾ.

7. ഈ അപ്പീലിനാധാരമായ വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 6 വിവരങ്ങളിൽ 4-ാമത്തേത് ഒഴിച്ച് മറ്റ് 5 വിവരങ്ങളും വഖഫ് നിയമപ്രകാരം തന്നെ വഖഫ് ബോർഡിനെ അറിയിക്കേണ്ട വിവരങ്ങളാണ്. 01.05.2019 ൽ നടന്ന ജമാഅത്ത് ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് വഖഫ് ബോർഡിന്റെ ഉത്തരവ് പ്രകാരമാണ് നടന്നിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2019 ജൂൺ മാസം 14 -ാം തീയതി ജമാഅത്തിന്റെ അസാധാരണ പൊതുയോഗം നടന്നിട്ടുള്ളതെന്നാണ് എസ്.പി.ഐ.ഒ യുടെ മൊഴിയിൽ നിന്നും ബോധ്യമാകുന്നത്. വഖഫ് ബോർഡിന്റെ ഉത്തരവ് നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ വഖഫ് ബോർഡിനെ അറിയിക്കുവാൻ ജമാഅത്തിന് ബാധ്യതയുണ്ട്, അത് അറിയുവാൻ വഖഫ് ബോർഡിന് നിയമപരമായ അധികാരവുമുണ്ട്. അതുപോലെ തന്നെയാണ് നേർച്ചപ്പെട്ടി മോഷണം സംബന്ധിച്ച വിവരവും. വഖഫ് ബോർഡിന്റെ വാർഷിക ഓഡിറ്റിൽ നേർച്ചപ്പെട്ടി മോഷണം



RIGHT TO INFORMAT

സംബന്ധിച്ച വിവരങ്ങൾ നിശ്ചയമായും പരിശോധനയ്ക്ക് വന്നിട്ടുണ്ടാവണം. അങ്ങനെയെങ്കിൽ പ്രസ്തുത വിവരങ്ങൾ വഖഫ് ബോർഡിന്റെ സാധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രദ്ധയിൽപ്പെടുന്നതും വഖഫ് ബോർഡിനെ അറിയിക്കേണ്ടതുമായ വിവരങ്ങൾ തന്നെയാണ്. അതിനാൽ വഖഫ് ബോർഡിന്റെ അധികാരം ഉപയോഗിച്ച് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 1,2,3,5,6 എന്നീ വിവരങ്ങളും, നേർച്ചപ്പെട്ടി മോഷണം സംബന്ധിച്ച മൊഴിയുടെ പകർപ്പും കേസ് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ള വിവരങ്ങൾ ഒഴികെ, പഴയപള്ളി ജമാഅത്തിൽ നിന്നും ശേഖരിച്ച് ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ഹർജിക്കാരന് നൽകേണ്ടതാണ്.

8. ശിക്ഷാ നടപടികൾ സംബന്ധിച്ച ഉത്തരവുകളൊന്നും പാസാക്കുന്നില്ല.

9. ഈ ഉത്തരവ് ഇന്നേ ദിവസം, 2020 നവംബർ മാസം 28–ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN


RIGHT TO INFORMAT